# കാല്പനികത:
# വൈയക്തികതയുടെ ആൾക്കൂട്ടവായനകൾ




## പ്രദീപ് കുമാർ ഇ.വി.

## പ്രൊഫ. വി. ലിസി മാത്യു



മലയാളവിഭാഗം

ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, കാലടി

പയ്യന്നൂർ പ്രാദേശികകേന്ദ്രം

# ഉള്ളടക്കം


മുഖവുര 5

പ്രകൃതിയുടെ പവിത്രകെട്ട്
ആഷാമേനോൻ 9

മലയാളത്തിലെ പ്രാഗ് കാല്പനികത
ഡോ. എൻ.അജിത് കുമാർ 20

കാല്പനികതയും കാല്പനികാനന്തരതയും
ഡോ.സുജാത.പി. 31

കാല്പനികതയും അനുഭവാവിഷ്കാരവും
ഡോ. സിനമോൾ തോമസ് 42

പ്രകൃതി : കാല്പനികതയുടെ പരിണാമദശകളിൽ
ഡോ: സ്വപ്ന ആന്റണി 47

കാല്പനികതയും ആത്മാഖ്യാനങ്ങളും
ഡോ. അജിത ചേമ്പൻ 56

എസ്.കെ. പൊറ്റക്കാടിന്റെ യാത്രാവിവരണങ്ങളിലെ കാല്പനികത
ജൈനിമോൾ. കെ.വി 66

കാല്പനികത എം.ടി.യുടെ നോവലുകളിൽ
ഡോ. റീജാ രവീന്ദ്രൻ 71

നാരായണ ഗുരുവിന്റെ കൃതികളിലെ ജലരൂപകങ്ങൾ
ഡോ. കവിതാ രാമൻ 82

കാല്പനികതയുടെ അടയാളങ്ങൾ കീറ്റ്സിന്റെ അർച്ചനാകാവ്യങ്ങളിൽ
ഡോ. സുധ മേരി തോമസ് 94

കവിതയിലെ കാല്പനികത
ദിവ്യ സി.കെ. 98

വെണ്മണിപ്രസ്ഥാനവും കാല്പനികതയും
ആതിര.സി.സി 104

നന്ദിതയുടെ കവിത — പറച്ചിലുകളുടെ ഇടവും അകംഭാഷണങ്ങളും
അനുഷ ഇ. 113

കവിതാവിവർത്തനം: കാല്പനികതയുടെ മാനങ്ങൾ
ദിവ്യ ഒ.ഡി. 119

# എസ്.കെ. പൊറ്റക്കാടിന്റെ യാത്രാവിവരണങ്ങളിലെ കാല്പനികത

ജെനിമോൾ. കെ.വി

അസിസ്റ്റന്റ് പ്രൊഫസർ, സി.എ.എസ്. കോളേജ്, മാടായി

സകലതിലേക്കും പ്രസരിക്കുന്ന ഒരു സംസ്കാരമാണ് കാല്പനികത.[1] അ ഒരു പ്രത്യേക കാലഘട്ടത്തിലോ കവിതപോലൊരു സാഹിത്യരൂപത്തിലോ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. കാല്പനികതയെ ഒരു മനോഭാവം എന്ന രീതിയിൽ വിലയിരുത്താവുന്നതാണ്. പൊതുവെ റിയലിസത്തിനെതിരായ ഒരു പ്രസ്ഥാനമായാണ് കാല്പനികതയെ വീക്ഷിക്കുന്നത്. ക്ലാസിക് സൃഷ്ടികളിലും റിയലിസ്റ്റിക് സൃഷ്ടികളിലും കാല്പനിക ഭാവങ്ങൾ ധാരാളമായി കടന്നുവന്നിട്ടുണ്ട്. ആ പ്രസ്ഥാനങ്ങളുടെ ലേബലുള്ള എഴുത്തുകാരിൽ പ്രബലമായിത്തന്നെ കാല്പനിക സ്വഭാവങ്ങൾ കാണാൻ കഴിയുമെന്ന് മനസ്സിലാക്കുമ്പോൾ റൊമാന്റിസിസം ഈ പ്രസ്ഥാനങ്ങൾക്കെതിരല്ല എന്നുവരുന്നു.[2]

മലയാള ഗദ്യസാഹിത്യത്തിൽ കാല്പനികതയുടെ ഘടകങ്ങൾ പലരൂപത്തിൽ കടന്നുവന്നിട്ടുണ്ട്. പ്രത്യേകിച്ച് യാത്രാവിവരണങ്ങളിൽ കാല്പനികപ്രവണതകളുടെ ശക്തമായ സ്വാധീനമുണ്ട്. കാരണം പ്രമേ ത്തെക്കാൾ എഴുത്തുകാരന്റെ ആത്മാനുഭൂതിക്കും രചനാതന്ത്രത്തിനുമാണ് അവയിൽ പ്രാധാന്യം. 'എഴുത്തുകാരന്റെ സഞ്ചാരാനുഭവങ്ങൾ അനുവാചക പകർന്നുനൽകാനുള്ള കഴിവാണ് സഞ്ചാരസാഹിത്യത്തിനുണ്ടാകേണ്ട മുഖ്യഗുണം. വായനക്കാരനെ ആത്മസുഹൃത്തായി പരിഗണിച്ച് അയാളോ ഗ്രന്ഥകാരൻ ഹൃദയം തുറന്ന് സംസാരിക്കണം. നമ്മുടെ തോളിൽ കയ്യി [illegible] വിലക്ഷണമായ കാഴ്ചകളിലെല്ലാം നമ്മെ പങ്കാളിയാക്കി